ഭരണഭാഷ മാതൃഭാഷ

നം. ഇ.എക്സ്.സി./4866/2019/എക്സ്.എ.2

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി : 14.11.2019

## സർക്കുലർ നം. EXC/8 (A)/2019/EXCISE

വിഷയം:- എക്സൈസ് വകുപ്പ്-അബ്കാരി - 2002-ലെ അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾ ചട്ടം 9(12) പ്രകാരം സംസ്ഥാനത്തെ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിനുള്ള -മാർഗ്ഗനിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന:- WP©25901/2018 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 09.10.2019-ലെ ഉത്തരവ്.

സംസ്ഥാനത്തെ ചില കള്ളുഷാപ്പുകളുടെ പ്രവർത്തനം പരിസരവാസികളായ പൊതുജനങ്ങളുടെ സ്വകാര്യതയ്ക്ക് ഭംഗം വരുത്തുന്നതായി സൂചന ഉത്തരവ് പ്രകാരം ബഹു.കോടതി നിരീക്ഷണം നടത്തിയിട്ടുള്ളതാണ്. ഇത്തരത്തിൽ പൊതുജനങ്ങളുടെ സ്വകാര്യതയ്ക്ക് ഭംഗം വരുത്തുന്ന നടപടികൾ കള്ളുഷാപ്പുകളുടെ പ്രവർത്തനത്തിൽ ഉണ്ടാകാതിരിക്കുന്നതിനായി 2002-ലെ അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾ ചട്ടം 9 (12) പ്രകാരം സംസ്ഥാനത്തെ കള്ളുഷാപ്പുകൾ താഴെ പറയുന്ന മർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1. എല്ലാ കള്ളുഷാപ്പുകളും അടച്ചുറപ്പുള്ള കെട്ടിടങ്ങളിൽ മാത്രം പ്രവർത്തിക്കേണ്ട താണ്. കള്ളുഷാപ്പിന് സമീപം താമസിക്കുന്നവർക്ക് കള്ളുഷാപ്പിന്റെ പ്രവർത്തനം കാരണം അസൗകര്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിലേയ്ക്കായി ഷാപ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉള്ളിലെ ഭാഗങ്ങൾ പുറമെ നിന്നുള്ള കാഴ്ചയിൽപ്പെടാത്ത തരത്തിൽ മറച്ചിരിക്കേണ്ടതാണ്.
2. കള്ളുഷാപ്പുകളിൽ കള്ള് സൂക്ഷിക്കുന്നതിന് മാത്രമായി വൃത്തിയും വെടിപ്പും ഉള്ള പ്രത്യേക സ്ഥലം (Store) ക്രമീകരിച്ചിരിക്കേണ്ടതാണ്.
3. കള്ളുഷാപ്പും പരിസരവും സദാസമയവും വൃത്തിയായി സൂക്ഷിക്കേണ്ടതും, വിതരണം ചെയ്യുവാനുള്ള കള്ള് വൃത്തിയുള്ള പാത്രങ്ങളിൽ സൂക്ഷിക്കേണ്ടതും, വൃത്തിയുള്ള പാത്രങ്ങളിൽ കള്ള് വിതരണം ചെയ്യേണ്ടതുമാണ്.
4. കള്ളുഷാപ്പിലെ മലിനജലം ഒഴുക്കി കളയുന്നതിനും ഭക്ഷണ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നതിനും തൃപ്തികരമായ ക്രമീകരണങ്ങൾ ലൈസൻസി സജ്ജമാക്കിയിരിക്കേണ്ടതാണ്.
5. കള്ളുഷാപ്പിൽ ദൈനംദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ ലൈസൻസിയുടെ ചുമതലയിൽ അപ്പപ്പോൾ തന്നെ നീക്കം ചെയ്യേണ്ടതാണ്.
6. എല്ലാ കള്ളുഷാപ്പുകളിലും വൃത്തിയും വെടിപ്പുമുള്ളതും, അടച്ചുറപ്പുള്ളതുമായ ശുചിമുറികൾ കുറഞ്ഞത് ഒരെണ്ണമെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ശുചിമുറികൾ കള്ളുഷാപ്പിന്റെ പ്രധാന വാതിലിലേയ്ക്കുള്ള വഴിയരികിൽ

സ്ഥാപിക്കുവാൻ പാടില്ലാത്തതും കള്ളുഷാപ്പ് കെട്ടിടത്തിൽ നിന്നും പരമാവധി ദൂരത്തിൽ സ്ഥാപിക്കേണ്ടതുമാണ്. ശുചി മുറികൾ സദാസമയവും ഉപയോഗയോഗ്യമായും വൃത്തിയായും സൂക്ഷിക്കേണ്ടതും, ശുചിമുറികളിൽ ജലലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്.

7. കള്ളുഷാപ്പുകളിൽ ഉപഭോക്താക്കൾക്കായി ആവശ്യാനുസരണം കസേരകളും അവക്കനുസൃതമായി ഡെസ്ക് /മേശ എന്നിവയും ക്രമീകരിക്കേണ്ടതാണ്.
8. എല്ലാ കള്ളുഷാപ്പുകളും ആവശ്യത്തിന് വെളിച്ചവും, ആവശ്യത്തിന് വായു സഞ്ചാരവും ലഭിക്കുന്ന രീതിയിൽ ക്രമീകരിക്കേണ്ടതുമാണ്. വെളിച്ചക്കുറവുള്ളപ്പോൾ കള്ളുഷാപ്പിലേക്കുള്ള വഴിയിലും വെളിച്ചത്തിനായുള്ള ക്രമീകരണങ്ങൾ സജ്ജീകരിച്ചിരിക്കേണ്ടതാണ്.
9. കള്ളുഷാപ്പിൽ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യുകയാണെങ്കിൽ ഭക്ഷ്യസുരക്ഷാവകുപ്പിൽ നിന്നും ലഭ്യമാകുന്ന ലൈസൻസ് നിർബന്ധമായും സൂക്ഷിച്ചിരിക്കേണ്ടതാണ്.
10. എക്സൈസ് ഉദ്യോഗസ്ഥർ കള്ളുഷാപ്പ് പരിശോധന നടത്തുമ്പോൾ ടി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടതും, പരിശോധനാക്കുറിപ്പിൽ ആയവ രേഖപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
11. തീർത്തും വൃത്തിഹീനമായ സാഹചര്യമോ കള്ളുഷാപ്പിലെ അസൗകര്യങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ കേരളാ അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ്, ചട്ടം 9 (12) ലംഘിച്ചതായി കണക്കാക്കി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

എക്സൈസ് കമ്മീഷണർ

പകർപ്പ്:-

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
3. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം ഡിവിഷനുകൾ)
4. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
5. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
6. എക്സൈസ് റെയിഞ്ച് ഇൻസ്പെക്ടർ (എല്ലാം)
7. കള്ളുഷാപ്പ് ലൈസൻസികൾ (എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ മുഖാന്തിരം)
8. ഉത്തരവ് ഫയൽ/കരുതൽ ഫയൽ